പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2747 — 12.02.2019 ൽ മറുപടിയ്ക്ക്.

## തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി

**ചോദ്യം** — **ഉത്തരം**

ശ്രീമതി.പി. അയിഷാ പോറ്റി :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | | **(എ)** വ്യാവസായിക പരിശീലന വകുപ്പിലെ ടെക്നിക്കൽ, മിനിസ്റ്റീരിയൽ ജീവനക്കാരുടെ നൈപുണ്യ വികസനത്തിനായി സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് (SUIIT) മുഖേന പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| **(ബി)** യുവജനങ്ങൾക്ക് ആവശ്യമായ തൊഴിൽ നൈപുണ്യം നേടിക്കൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ? | | **(ബി)** സംസ്ഥാനത്തെ വിവിധ സർക്കാർ / സ്വകാര്യ ഐ.ടി.ഐ കളിൽ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലൂടെ തൊഴിൽ നൈപുണ്യ പരിശീലനം നൽകി വരുന്നു. കൂടാതെ അപ്രന്റിസ്ഷിപ്പ് പരിശീലന പദ്ധതി പ്രകാരം സംസ്ഥാനത്ത് വിവിധ എസ്റ്റാബ്ലിഷ്മെന്റുകളിൽ ട്രെയിനികൾക്ക് പരിശീലനം നൽകി വരുന്നുണ്ട്.<br><br>തൊഴിലന്വേഷകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ആഗോളതലത്തിലെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1.സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ) |

| | | |
|---|---|---|
| | | 2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യവികസന ഇൻസ്റ്റിറ്റ്യൂട്ട്)<br>3. കൗശൽ കേന്ദ്രകൾ<br>4.നൈപുണ്യവികസന കേന്ദ്രങ്ങളുടെ അക്രഡിറ്റേഷൻ |
| | | 5.ഡിസൈൻ മേഖലയിലെ ഉപരി വിദ്യാഭ്യാസത്തിനും പരിശീലനത്തിനും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ<br><br>കൂടാതെ ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് താഴെ പറയുന്ന നൈപുണ്യ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു.<br><br>i. എംപ്ലോയബിലിറ്റി സെന്ററുകൾ<br>ii. കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ<br><br>ഇതോടൊപ്പം യുവാക്കളുടെ നൈപുണ്യവികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജനയും KASE മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ